# Chapter -7
# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ: വളർച്ചയും പരിവർത്തനവും

- **സാമ്പത്തിക വളർച്ച:** ഉല്പാദനത്തിലുണ്ടാകുന്ന പരിമാണപരമായ എണ്ണത്തിലുള്ള വർദ്ധനവാണ് ഇത് ജിഡിപി വർദ്ധിക്കുന്നത് ഇതിന്റെ സൂചകമാണ്
- **സാമ്പത്തിക വികസനം:** ഇതൊരു ഗുണപരമായ മാറ്റമാണ് സാമ്പത്തിക വളർച്ചയോടൊപ്പം ജനങ്ങളുടെ ജീവിതനിലവാരത്തിൽ ആരോഗ്യം വിദ്യാഭ്യാസം തുല്യത ഉണ്ടാകുന്ന പുരോഗതിയാണിത്

**മൊത്ത ആഭ്യന്തര ഉല്പാദനം :** ഒരു വർഷം രാജ്യത്തിനകത്ത് ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ആകെ പണമൂല്യം

## പ്രതിശീർഷ വരുമാനം

- ഒരു രാജ്യത്തെ വ്യക്തികളുടെ ശരാശരി വരുമാനത്തെയാണ് പ്രതിശീർഷ വരുമാനം എന്ന് വിളിക്കുന്നത് ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയും ജനങ്ങളുടെ ജീവിതനിലവാരവും വിലയിരുത്താൻ ഇത് ഉപയോഗിക്കുന്നു
- ഒരു രാജ്യത്തെ ആകെ ദേശീയ വരുമാനത്തെ ആകെ ജനസംഖ്യ കൊണ്ട് ഹരിക്കുമ്പോൾ ലഭിക്കുന്ന തുകയാണ് പ്രതിശീർഷ വരുമാനം

പ്രതിശീർഷ വരുമാനത്തിന്റെ യുഎസ് ഡോളറിൽ അടിസ്ഥാനത്തിൽ ലോകബാങ്ക് രാജ്യങ്ങളെ നാലായി തരംതിരിക്കുന്നു:

1. **കുറഞ്ഞ വരുമാനമുള്ളവ:** 1145 ഡോളറിൽ താഴെ
2. **താഴ്ന്ന ഇടത്തരം വരുമാനമുള്ളവ:** 1146 - 4515 ഡോളർ വരെ **ഇന്ത്യ** ഈ വിഭാഗത്തിലാണ്
3. **ഉയർന്ന ഇടത്തരം വരുമാനമുള്ളവ:** 4516 - 14005 ഡോളർ വരെ
4. **ഉയർന്ന വരുമാനമുള്ളവ:** 14006 ഡോളറിന് മുകളിൽ

## പരിമിതികൾ

സാമ്പത്തിക വളർച്ചയുടെ സൂചകമാണെങ്കിലും ഇതിന് ചില പരിമിതികളുണ്ട്:

- **ശരാശരി മാത്രം:** ഇത് ഒരു ശരാശരി വരുമാനം മാത്രമാണ് സമ്പത്തിന്റെ വിതരണത്തിലുള്ള അസമത്വം പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള വ്യത്യാസം ഇത് കാണിക്കുന്നില്ല
- **ജീവിത നിലവാരം:** ആരോഗ്യം വിദ്യാഭ്യാസം തുടങ്ങിയ ജീവിത നിലവാരത്തെ ബാധിക്കുന്ന കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല
- **ദേശീയ വരുമാനത്തിലെ പരിമിതികൾ:** ദേശീയ വരുമാനം കണക്കാക്കുന്നതിലെ പോരായ്മകൾ പ്രതിശീർഷ വരുമാനത്തെയും ബാധിക്കുന്നു

പ്രതിശീർഷ വരുമാനവും വ്യക്തിഗത വരുമാനവും  തമ്മിൽ എപ്പോഴും വ്യത്യാസമുണ്ടാകും ഒരു വ്യക്തിക്ക് വിവിധ മാർഗങ്ങളിൽ നിന്ന് യഥാർത്ഥത്തിൽ ലഭിക്കുന്ന ആകെ വരുമാനമാണ് വ്യക്തിഗത വരുമാനം എന്നാൽ പ്രതിശീർഷ വരുമാനം എന്നത് കേവലം ഒരു കണക്കിലെ ശരാശരി മാത്രമാണ്

## മാനവ വികസന സൂചിക

- രാജ്യങ്ങളുടെ സാമ്പത്തിക വികസനം അളക്കുന്നതിനായി ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള യുഎൻഡിപി തയ്യാറാക്കുന്ന സൂചികയാണിത് 1990 മുതൽ മാനവ വികസനത്തിന്റെ അടിസ്ഥാനത്തിൽ രാജ്യങ്ങളെ തരംതിരിക്കാൻ ഈ സൂചിക ഉപയോഗിക്കുന്നു

- **ആരോഗ്യപൂർണ്ണമായ ജീവിതം:**
- **അറിവ്:**
- **മെച്ചപ്പെട്ട ജീവിതനിലവാരം:**

വർഷങ്ങളായി ഇന്ത്യയുടെ എച്ച്ഡിഐ മൂല്യം മെച്ചപ്പെട്ടുവരുന്നു 2023-ലെ റിപ്പോർട്ട് പ്രകാരം 193 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം **130** ആണ് ഇന്ത്യയുടെ എച്ച്ഡിഐ മൂല്യം **0685** ആണ് ഇത് ഇന്ത്യയെ **ഇടത്തരം മാനവ വികസന** വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു

OXFORD

## ഭൗതിക ജീവിത ഗുണനിലവാര സൂചിക

1979-ൽ സാമ്പത്തിക ശാസ്ത്രജ്ഞനായ **മോറിസ് ഡേവിഡ് മോറിസ്** വികസിപ്പിച്ചെടുത്ത സൂചികയാണിത് വരുമാനത്തേക്കാൾ ഉപരിയായി സാമൂഹികക്ഷേമത്തിനാണ് ഇത് മുൻഗണന നൽകുന്നത്

- **സൂചകങ്ങൾ:** മൂന്ന് കാര്യങ്ങളുടെ ശരാശരിയാണിത്:
    1. **അടിസ്ഥാന സാക്ഷരത:** എഴുതാനും വായിക്കാനും അറിയാവുന്നവരുടെ ശതമാനം
    2. **ശിശുമരണ നിരക്ക്:** ആയിരം ജീവനുള്ള ജനനങ്ങളിൽ ഒരു വയസ്സിന് താഴെ മരിക്കുന്ന കുട്ടികളുടെ എണ്ണം
    3. **ആയുർദൈർഘ്യം:** ഒരു വ്യക്തി ജീവിക്കാനിടയുള്ള ശരാശരി വർഷങ്ങൾ
- **പരിമിതി:** ഈ സൂചിക തയ്യാറാക്കുമ്പോൾ വ്യക്തികളുടെ **വരുമാനം പരിഗണിക്കുന്നില്ല** എന്നതാണ് ഇതിന്റെ പ്രധാന പോരായ്മ

## സുസ്ഥിര വികസന ലക്ഷ്യ സൂചിക

- ഇന്ത്യയിലെ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും വികസന പുരോഗതി കണക്കാക്കുന്നതിന് നീതി ആയോഗ് ഐക്യരാഷ്ട്ര സഭയുമായി സഹകരിച്ച് തയ്യാറാക്കുന്ന ഒരു സമഗ്ര വികസന സൂചികയാണ് സുസ്ഥിര വികസനലക്ഷ്യം - ഇന്ത്യസൂചിക

- 2030-ഓടെ കൈവരിക്കേണ്ട 17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2015-ലാണ് ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ചത് ഈ ലക്ഷ്യങ്ങൾ നേടുന്നതിലെ പുരോഗതി അളക്കുന്ന സമഗ്രമായ സൂചികയാണിത്

- **0-49:** കൂടുതൽ പരിശ്രമം ആവശ്യമുള്ളവ

- **50-64:** മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർ

- **65-99:** ലക്ഷ്യങ്ങളിലേയ്ക്ക് വേഗത്തിൽ മുന്നേറുന്നവർ

- **100:** ലക്ഷ്യം പൂർണ്ണമായി കൈവരിച്ചവർ

## 17 സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ തരംതിരിവ്

### സാമൂഹിക ലക്ഷ്യങ്ങൾ

1. **1:** ദാരിദ്ര്യ നിർമ്മാർജ്ജനം
2. **2:** പട്ടിണി ഇല്ലാതാക്കുക
3. **3:** - ആരോഗ്യവും ക്ഷേമവും
4. **4:** ഗുണമേന്മയുള്ള വിദ്യാഭ്യാസം
5. **5:** ലിംഗസമത്വം
6. **6:** ശുദ്ധജലവും ശുചിത്വവും
7. **10:** അസമത്വങ്ങൾ കുറയ്ക്കുക
8. **11:** സുസ്ഥിര നഗരങ്ങളും സമൂഹങ്ങളും
9. **16:** സമാധാനവും നീതിയും ശക്തമായ സ്ഥാപനങ്ങളും
10. **17:** ലക്ഷ്യങ്ങൾക്കായി കൈകോർക്കാം

### സാമ്പത്തിക ലക്ഷ്യങ്ങൾ

11 **7:** കുറഞ്ഞ ചിലവിൽ ശുദ്ധമായ ഊർജ്ജം

12 **8:** മാന്യമായ ജോലിയും സാമ്പത്തിക വളർച്ചയും

OXFORD

13 **9:** വ്യവസായം നവീകരണം അടിസ്ഥാന സൗകര്യം

14 **12:** ഉത്തരവാദിത്തപരമായ ഉപഭോഗവും ഉല്പാദനവും

**<u>പരിസ്ഥിതി ലക്ഷ്യങ്ങൾ</u>**

15 **13:** കാലാവസ്ഥാ സംരക്ഷണം

16 **14:** ജലത്തിനടിയിലെ ജീവൻ

17 **15:** കരയിലെ ജീവൻ

## കേരള വികസന മാതൃക

- വികസിത രാജ്യങ്ങളുടേതിന് തുല്യമായ സാമൂഹിക വികസനം ജീവിതനിലവാരം കുറഞ്ഞ വരുമാനത്തിലും കൈവരിക്കാൻ കേരളത്തിന് സാധിച്ചതിനെയാണ് 'കേരള മോഡൽ' എന്ന് വിളിക്കുന്നത്
- **പ്രധാന സവിശേഷതകൾ:**
    1. **ഉയർന്ന സാക്ഷരതാ നിരക്ക്:** എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കി
    2. **ആരോഗ്യ രംഗത്തെ നേട്ടങ്ങൾ:** കുറഞ്ഞ ശിശുമരണ നിരക്കും ഉയർന്ന ആയുർദൈർഘ്യവും
    3. **സാമൂഹിക നീതി:** വികസനത്തിന്റെ ഗുണങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിച്ചു
- **വിജയത്തിന്റെ കാരണങ്ങൾ: ഭൂപരിഷ്കരണം** ശക്തമായ **പൊതുവിതരണ സമ്പ്രദായം** റേഷൻ കടകൾ എല്ലാവർക്കും ലഭ്യമായ **വിദ്യാഭ്യാസ-ആരോഗ്യ സംവിധാനങ്ങൾ** ജനകീയ പങ്കാളിത്തം എന്നിവയിലൂടെയാണ് കേരളം ഈ നേട്ടം കൈവരിച്ചത്

### നവകേരള മിഷൻ

- **തുടക്കം:** കേരളത്തിന്റെ സമഗ്ര വികസനത്തിനായി 2016-ൽ ആരംഭിച്ച കർമ്മപദ്ധതിയാണിത്
- **ലക്ഷ്യം:** ആരോഗ്യം ഭവനം വിദ്യാഭ്യാസം പരിസ്ഥിതി എന്നീ മേഖലകളിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിച്ച് ജീവിതനിലവാരം ഉയർത്തുക
- **നാല് പ്രധാന മിഷനുകൾ:**
    1. **ആർദ്രം മിഷൻ: ആരോഗ്യ മേഖലയെ** നവീകരിക്കാനും സർക്കാർ ആശുപത്രികളെ ജനസൗഹൃദമാക്കാനും ലക്ഷ്യമിടുന്നു
    2. **ലൈഫ് മിഷൻ:** ഭവനരഹിതരായ എല്ലാവർക്കും സുരക്ഷിതമായ **വീട്** ഉറപ്പാക്കുന്നു
    3. **വിദ്യാകിരണം:** സ്കൂളുകൾ ഹൈടെക് ആക്കിക്കൊണ്ട് **വിദ്യാഭ്യാസ മേഖലയെ** ആധുനികവൽക്കരിക്കുന്നു
    4. **ഹരിത കേരളം: ജലസംരക്ഷണം** മാലിന്യ സംസ്കരണം ജൈവകൃഷി എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു
- **നവകേരള മിഷൻ - 2:** 2021 മുതൽ നടപ്പിലാക്കുന്നു ഇതിൽ **റീബിൽഡ് കേരള ഇനിഷ്യേറ്റീവ്** കൂടി ഉൾപ്പെടുത്തിയിട്ടുണ്ട് കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി മാറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം

## സാമ്പത്തിക ആസൂത്രണം

ലഭ്യമായ വിഭവങ്ങൾ പ്രയോജനപ്പെടുത്തി സമൂഹത്തിന്റെ പ്രധാന സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നടത്തുന്ന തയ്യാറെടുപ്പാണ് സാമ്പത്തിക ആസൂത്രണം സ്വാതന്ത്ര്യാനന്തരം ഇന്ത്യ **മിശ്ര സമ്പദ്‌വ്യവസ്ഥ** സ്വീകരിക്കുകയും വിഭവങ്ങളും മനുഷ്യവിഭവശേഷിയും ശാസ്ത്രീയമായി ഉപയോഗിക്കാൻ ആസൂത്രണം നടപ്പിലാക്കുകയും ചെയ്തു

### ആസൂത്രണത്തിന്റെ ചരിത്രം

സ്വാതന്ത്ര്യത്തിന് മുൻപ് തന്നെ ഇന്ത്യയിൽ ആസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു:

- **1934: എം വിശ്വേശരയ്യ** പത്ത് വർഷത്തെ പദ്ധതി അവതരിപ്പിച്ചു ഇദ്ദേഹമാണ് **ഇന്ത്യൻ ആസൂത്രണത്തിന്റെ പിതാവ്**
- **1938: ജവഹർലാൽ നെഹ്റുവിന്റെ** നേതൃത്വത്തിൽ നാഷണൽ പ്ലാനിംഗ് കമ്മിറ്റി രൂപീകരിച്ചു
- **1944:** ബോംബെ പ്ലാൻ ജെആർഡി ടാറ്റ ഗാന്ധിയൻ പ്ലാൻ എസ്എൻ അഗർവാൾ
- **1945:** പീപ്പിൾസ് പ്ലാൻ എംഎൻ റോയ്
- **1950: ആസൂത്രണ കമ്മീഷൻ** നിലവിൽ വന്നു

- **1951:** ഒന്നാം **പഞ്ചവത്സര പദ്ധതി** ആരംഭിച്ചു **പിസി മഹലനോബിസ്** ആണ് പഞ്ചവത്സര പദ്ധതികളുടെ ശില്പി

## ആസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ

ഇന്ത്യൻ ആസൂത്രണത്തിന്റെ നാല് പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

1. **വളർച്ച:** ഉല്പാദനം വർദ്ധിപ്പിക്കുക വർദ്ധനവ്
2. **ആധുനികവൽക്കരണം:** പുതിയ സാങ്കേതികവിദ്യകളും ആശയങ്ങളും ഉപയോഗിക്കുക
3. **സ്വയംപര്യാപ്തത:** സാമ്പത്തിക കാര്യങ്ങളിൽ വിദേശ രാജ്യങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുക
4. **നീതി :** എല്ലാവർക്കും അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കുകയും സമ്പത്തിന്റെ തുല്യമായ വിതരണം സാധ്യമാക്കുകയും ചെയ്യുക

ആസൂത്രണ കമ്മിഷന്റെ ഘടന ചുവടെ നൽകിയിരിക്കുന്നു

- അധ്യക്ഷൻ – പ്രധാനമന്ത്രി
- ഉപാധ്യക്ഷൻ
- കേന്ദ്രകാബിനറ്റ് നിശ്ചയിക്കുന്ന അംഗങ്ങൾ

ആസൂത്രണ പ്രക്രിയ ഇന്ത്യയിൽ നടപ്പിലാക്കിയത് 1951 മുതൽ പഞ്ച വത്സര പദ്ധതികളിലൂടെയാണ്

## നീതി ആയോഗ്

65 വർഷം പഴക്കമുള്ള ആസൂത്രണ കമ്മീഷന് പകരമായി **2015 ജനുവരി 1**-നാണ് നീതി ആയോഗ് നിലവിൽ വന്നത് കേന്ദ്ര സർക്കാരിന്റെ പ്രധാന 'തിങ്ക് ടാങ്ക്' ആയി പ്രവർത്തിക്കുന്ന ഇത് സുസ്ഥിര വികസനവും സഹകരണ ഫെഡറലിസവും പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിടുന്നു

## ഘടന

**അധ്യക്ഷൻ :** ഇന്ത്യയുടെ പ്രധാനമന്ത്രിയാണ് നീതി ആയോഗിന്റെ അധ്യക്ഷൻ നിലവിൽ നരേന്ദ്ര മോദിയാണ് ഈ സ്ഥാനം വഹിക്കുന്നത്

**വൈസ് ചെയർമാൻ** : പ്രധാനമന്ത്രിയാണ് വൈസ് ചെയർമാനെ നിയമിക്കുന്നത് ഇദ്ദേഹത്തിന് കേന്ദ്ര ക്യാബിനറ്റ് മന്ത്രിയുടെ പദവിയുണ്ടായിരിക്കും

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ :** നീതി ആയോഗിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് ആണ് ഇദ്ദേഹത്തെയും പ്രധാനമന്ത്രിയാണ് നിശ്ചിത കാലയളവിലേക്ക് നിയമിക്കുന്നത് ഇദ്ദേഹത്തിന് ഭാരത സർക്കാരിന്റെ സെക്രട്ടറി പദവിയുണ്ടാകും

**ഗവേണിംഗ് കൗൺസിൽ :** നീതി ആയോഗിന്റെ ഏറ്റവും പ്രധാനപ്പെട്ട സമിതിയാണിത് ഇതിൽ താഴെ പറയുന്നവർ അംഗങ്ങളാണ്:

- എല്ലാ സംസ്ഥാനങ്ങളിലെയും **മുഖ്യമന്ത്രിമാർ**
- കേന്ദ്രഭരണ പ്രദേശങ്ങളിലെ **ലഫ്റ്റനന്റ് ഗവർണർമാർ** കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സഹകരണം ഉറപ്പാക്കുന്നത് ഈ സമിതിയാണ്

**പൂർണ്ണസമയ അംഗങ്ങൾ :** വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള വിദഗ്ധരെ പൂർണ്ണസമയ അംഗങ്ങളായി പ്രധാനമന്ത്രി നിയമിക്കുന്നു

**ഔദ്യോഗിക അംഗങ്ങൾ :** കേന്ദ്ര മന്ത്രിസഭയിൽ നിന്നുള്ള പരമാവധി നാല് മന്ത്രിമാരെ പ്രധാനമന്ത്രി ഈ സ്ഥാനത്തേക്ക് നിർദ്ദേശിക്കുന്നു

**പ്രത്യേക ക്ഷണിതാക്കൾ** : പ്രത്യേക വിഷയങ്ങളിൽ അറിവുള്ള വിദഗ്ധരെയും ശാസ്ത്രജ്ഞരെയും പ്രധാനമന്ത്രി ഈ സമിതിയിലേക്ക് ക്ഷണിക്കുന്നു

## പ്രധാന ലക്ഷ്യങ്ങൾ

1. **സഹകരണ ഫെഡറലിസം:** "ശക്തമായ സംസ്ഥാനങ്ങളാണ് ശക്തമായ രാഷ്ട്രത്തെ നിർമ്മിക്കുന്നത്" എന്ന കാഴ്ചപ്പാടിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള പങ്കാളിത്തം ഉറപ്പാക്കുക
2. **താഴെത്തട്ടിലുള്ള ആസൂത്രണം - :** ഗ്രാമതലത്തിൽ വികസന പദ്ധതികൾ തയ്യാറാക്കി അവയെ ദേശീയതലത്തിലേക്ക് സംയോജിപ്പിക്കുക

3. **സുസ്ഥിര വികസനം:** പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള സുസ്ഥിരമായ സാമ്പത്തിക വളർച്ചയും എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനവും ഉറപ്പാക്കുക
4. **ദേശീയ സുരക്ഷ:** സാമ്പത്തിക നയങ്ങൾ തയ്യാറാക്കുമ്പോൾ രാജ്യത്തിന്റെ സുരക്ഷാ താൽപ്പര്യങ്ങൾ കൂടി പരിഗണിക്കുക
5. **ദീർഘകാല നയങ്ങൾ:** രാജ്യത്തിന്റെ വികസനത്തിനായി ദീർഘകാലാടിസ്ഥാനത്തിലുള്ള തന്ത്രപരമായ നയങ്ങൾ രൂപീകരിക്കുകയും അവയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യുക
6. **നവീകരണവും സംരംഭകത്വവും:** പുതിയ ആശയങ്ങളെയും സാങ്കേതികവിദ്യകളെയും പ്രോത്സാഹിപ്പിക്കുക

## 1991 ലെ സാമ്പത്തിക പരിഷ്കരണം

ഇന്ത്യയുടെ ചരിത്രത്തിലെ ഒരു പ്രധാന വഴിത്തിരിവായിരുന്നു 1991-ലെ സാമ്പത്തിക പരിഷ്കാരങ്ങൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടതിനെത്തുടർന്ന് നിയന്ത്രിത സമ്പദ്‌വ്യവസ്ഥയിൽ നിന്ന് വിപണ്യാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിലേക്ക് ഇന്ത്യ മാറി ഈ നയം **എൽപിജി** നയം **ഉദാരവൽക്കരണം സ്വകാര്യവൽക്കരണം ആഗോളവൽക്കരണം** എന്ന പേരിൽ പ്രശസ്തമാണ്

## പശ്ചാത്തലം

1991-ൽ ഇന്ത്യ വലിയൊരു സാമ്പത്തിക പ്രതിസന്ധി നേരിട്ടു ഇറക്കുമതിക്കായി വിദേശ നാണയശേഖരം രണ്ടാഴ്ചത്തേക്ക് മാത്രമുള്ളതായി കുറഞ്ഞു ഈ പ്രതിസന്ധി പരിഹരിക്കാൻ പ്രധാനമന്ത്രി പിവി നരസിംഹറാവുവും ധനമന്ത്രി ഡോ മൻമോഹൻ സിംഗും ചേർന്ന് പുതിയ സാമ്പത്തിക നയം അവതരിപ്പിച്ചു

**1991 ലെ സാമ്പത്തിക പരിഷ്കരണത്തിലേക്ക് ഇന്ത്യയ നയിച്ച സാഹചര്യങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ നൽകിയിരിക്കുന്നു**

- ഉയർന്ന ധനകമ്മിയും വിദേശനാണ്യ കരുതൽശേഖരത്തിലുണ്ടായ കുറവും സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി
- പൊതുമേഖലയുടെകാര്യക്ഷമതക്കുറവ്
- ലോകകമ്പോളത്തിൽ വന്നമാറ്റം സ്വതന്ത്രവിപണിക്കനുകൂലമായ വാദഗതികൾ
- 1990 ലെ ഗൾഫയുദ്ധം സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി
- വ്യവസായവൽക്കരണത്തിലൂടെയും ഉദാരവൽക്കരണത്തിലൂടെയും പൂർവേഷ്യൻ രാജ്യങ്ങൾക്കുണ്ടായ സാമ്പത്തിക വളർച്ച
- ലോകബാങ്കിന്റെയും  ന്റയും നിബന്ധനകൾ

## ഈ പരിഷ്കരണങ്ങളുടെ പ്രധാനലക്ഷ്യം

- ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ഉദാരവൽക്കരിക്കുകയും ലോക സമ്പദ്‌വ്യവസ്ഥയ്ക്ക് തുറന്നുകൊടുക്കുകയും ചെയ്യുക
- സ്വകാര്യമേഖലയ്ക്കുള്ള നിയന്ത്രണങ്ങൾ മാറ്റുക
- വിവിധ മേഖലകളിലെ ഗവൺമെന്റ് നിയന്ത്രണങ്ങൾ കുറയ്ക്കുക
- വിദേശ രാജ്യങ്ങളുമായുള്ള വ്യാപാര നിയന്ത്രണങ്ങൾ നീക്കം ചെയ്യുക

# നയം

## ഉദാരവൽക്കരണം

- വ്യവസായങ്ങൾക്കും കച്ചവടത്തിനുമുള്ള സർക്കാർ നിയന്ത്രണങ്ങൾ ഒഴിവാക്കുന്ന രീതിയാണിത് പഴയ 'ലൈസൻസ് രാജ്' അവസാനിപ്പിക്കുകയും വ്യവസായങ്ങൾ തുടങ്ങുന്നത് എളുപ്പമാക്കുകയും ചെയ്തു

## സ്വകാര്യവൽക്കരണം

- സാമ്പത്തിക മേഖലയിൽ സ്വകാര്യ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ സ്വകാര്യ വ്യക്തികൾക്കോ കമ്പനികൾക്കോ വിൽക്കുന്നതിനെ 'ഓഹരി വിറ്റഴിക്കൽ'  എന്ന് വിളിക്കുന്നു

## ആഗോളവൽക്കരണം

- ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ലോക സമ്പദ്‌വ്യവസ്ഥയുമായി കൂട്ടിച്ചേർക്കുന്ന രീതിയാണിത് വിദേശ രാജ്യങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങളും സാങ്കേതികവിദ്യയും ഇന്ത്യയിലേക്ക് വരുന്നത് ഇത് എളുപ്പമാക്കി

**പരിഷ്കാരങ്ങളുടെ ഫലങ്ങൾ**

| **ഗുണങ്ങൾ** | **ദോഷങ്ങൾ** |
|---|---|
| സാമ്പത്തിക വളർച്ച കൂടി | ചെറുകിട വ്യവസായങ്ങൾ തകർന്നു |
| വിദേശ നാണയശേഖരം വർദ്ധിച്ചു | കാർഷിക മേഖല അവഗണിക്കപ്പെട്ടു |
| ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ലഭ്യമായി | സാമ്പത്തിക അസമത്വം കൂടി |

## സാമ്പത്തിക വളർച്ചയുടെ ചാലകശക്തികൾ

- കണ്ടുപിടുത്തങ്ങൾ യന്ത്രവൽക്കരണം ആധുനിക സാങ്കേതികവിദ്യയുടെ വ്യാപനം എന്നിവ സാമ്പത്തിക വളർച്ചയെ വേഗത്തിലാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു
- നീരാവി യന്ത്രത്തിന്റെ കണ്ടുപിടുത്തത്തോടെ ആരംഭിച്ച **വ്യവസായ വിപ്ലവം** ഉല്പാദന രീതികളിൽ വലിയ മാറ്റങ്ങൾ വരുത്തി
- ഇന്ന് ലോകം **അഞ്ചാം വ്യവസായ വിപ്ലവത്തിന്റെ** പടിവാതിൽക്കലാണ്

## വ്യവസായ വിപ്ലവങ്ങളുടെ പരിണാമം

| **ഘട്ടം** | **പ്രധാന ശക്തി** | **പ്രധാന സവിശേഷതകൾ** |
|---|---|---|
| **ഒന്ന്** | നീരാവി യന്ത്രം | ഫാക്ടറി സമ്പ്രദായത്തിന്റെ തുടക്കം |
| **രണ്ട്** | വൈദ്യുതി | ഉല്പാദനത്തിലും വിതരണത്തിലും വൈദ്യുതിയുടെ ഉപയോഗം |
| **മൂന്ന്** | ഇലക്ട്രോണിക്സ് | ഫാക്ടറികളിൽ റോബോട്ടിക്സും ഓട്ടോമേഷനും ഉപയോഗിച്ചു തുടങ്ങി |
| **നാല്** | നൂതന സാങ്കേതികവിദ്യ | ഡാറ്റ അനലിറ്റിക്സും ക്ലൗഡ് കമ്പ്യൂട്ടിംഗും |
| **അഞ്ച് -** | എഐ - | - എഐ ഉപയോഗിച്ചുള്ള സ്മാർട്ട് ഫാക്ടറികൾ |

## വിജ്ഞാന സമ്പദ്‌വ്യവസ്ഥ

- അറിവിന്റെയും വിവരങ്ങളുടെയും ഉല്പാദനം വിതരണം ഉപയോഗം എന്നിവയിൽ നൂതനമായ ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വളരുന്ന ഒരു സാമ്പത്തിക വ്യവസ്ഥയാണിത്

## വിവിധ മേഖലകളിലെ സ്വാധീനം

**1 : - കൃഷി**

വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ പുതിയ യുഗം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലും മാറ്റങ്ങൾ കൊണ്ടുവരുന്നു വിവിധ മേഖലകളിൽ നിന്നുള്ള ചില ഉദാഹരണങ്ങൾ നോക്കാം:

**മേഖല: കൃഷി** -

- പുതിയ സാങ്കേതികവിദ്യകൾ ഇന്ത്യയിലെ കൃഷിയെ പരമ്പരാഗത രീതിയിൽ നിന്ന് കൂടുതൽ ലാഭകരവും കാര്യക്ഷമവുമായ സ്മാർട്ട് ഒന്നായി മാറ്റുന്നു
- എപ്പോൾ നനയ്ക്കണം വളം നൽകണം തുടങ്ങിയ കാര്യങ്ങൾ സെൻസറുകളുടെയും ഡ്രോണുകളുടെയും സഹായത്തോടെയാണ് ചെയ്യുന്നത്
- ഇത് ചിലവ് കുറയ്ക്കാനും ഉല്പാദനം മെച്ചപ്പെടുത്താനും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി നേരിട്ടുള്ള വിൽപ്പനയിലൂടെ കർഷകർക്ക് ഉയർന്ന വരുമാനം നേടാനും പ്രാപ്തമാക്കി

- കമ്പ്യൂട്ടറുകൾ ഓട്ടോമേഷൻ യന്ത്രങ്ങൾ തനിയെ പ്രവർത്തിക്കുന്ന രീതി ഇന്റർനെറ്റ് എന്നിവ ഉപയോഗിച്ച് ഫാക്ടറികളെ ബന്ധിപ്പിക്കുകയും അവയെ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുന്ന ഒരു ഉല്പാദന രീതിയാണ് ഇൻഡസ്ട്രി 40
- ഇത് വ്യവസായ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പാഴാകൽ കുറയ്ക്കുന്നതിനും ഇടയാക്കുന്നു ഈ മാറ്റം വൈവിധ്യമാർന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും സാമ്പത്തിക വളർച്ചയിലേക്ക് നയിക്കുകയും ചെയ്യും
- '**മേയ്ക്ക് ഇൻ ഇന്ത്യ**' പോലുള്ള പദ്ധതികളിലൂടെ സാമ്പത്തിക വളർച്ചയ്ക്ക് നേതൃത്വം നൽകാൻ ഇന്ത്യ ലക്ഷ്യമിടുന്നു

**3 : സേവന മേഖല**

**സേവന മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ**

- **എഡ്യൂ-ടെക് -:** വിദ്യാഭ്യാസത്തിൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള നൂതന വഴികൾ റൊബോട്ടിക്സ് എഐ ഐഒടി തുടങ്ങിയവ
- **ഹെൽത്ത്-ടെക് -:** ടെലിമെഡിസിൻ ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ്ഫോമുകൾ
- **ഗ്രീൻ-ടെക് -:** പുനരുപയോഗ ഊർജ്ജം ഇലക്ട്രിക് വാഹനങ്ങൾ
- **- മേഖല:** ആനിമേഷൻ വിഷ്വൽ ഇഫക്ട്സ് ഗെയിമിംഗ് കോമിക്സ് എക്സ്റ്റെൻഡഡ് റിയാലിറ്റി

## കേരളവും വിജ്ഞാന സമ്പദ്‌വ്യവസ്ഥയും

- അറിവിൻ്റെയും വിവരങ്ങളുടെയും ഉല്പാദനവും ഉപയോഗവും സാമ്പത്തിക വളർച്ചയുടെ പ്രധാന ചാലകശക്തിയാകുന്ന വ്യവസ്ഥിതിയാണിത് കേരളത്തിന്റെ ഉയർന്ന സാമൂഹിക വികസനം പ്രയോജനപ്പെടുത്തി ഒരു 'വിജ്ഞാന സമൂഹമായി' മാറാനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്

**പ്രധാന ഏജൻസികളും പദ്ധതികളും**

  - വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മാറ്റത്തിന് തന്ത്രപരമായ പദ്ധതികൾ തയ്യാറാക്കുന്നതും നവീകരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും ഈ സമിതിയാണ്
- **ഡിജിറ്റൽ സർവ്വകലാശാല:**
  - ആധുനിക സാങ്കേതിക വിദ്യകളിൽ ഗവേഷണവും വിദഗ്ധ പരിശീലനവും നൽകുന്നതിനായി ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സർവ്വകലാശാല കേരളത്തിൽ സ്ഥാപിച്ചു
- **വിജ്ഞാന സമ്പദ്‌വ്യവസ്ഥ മിഷൻ:**
  - അഭ്യസ്തവിദ്യരായ 20 ലക്ഷം പേർക്ക് അറിവ് അടിസ്ഥാനമാക്കിയുള്ള തൊഴിലുകൾ നൽകുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം

**നവകേരള മിഷൻ - 2**

- നവകേരള മിഷൻ-2 വിന്റെ ഭാഗമായി കേരളത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റാൻ ശ്രമിക്കുന്നു ഇത് രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ പരിഹരിക്കാനും ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു